**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2273** **20-01-2021 - ൽ മറുപടിയ്ക്ക്**

**പുരാവസ്തു വകുപ്പിനെ ജനകീയമാക്കുന്നതിന് സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri .Ramachandran Kadannappalli**<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) | |
| (എ) | പുരാവസ്തു വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | പുരാവസ്തു വകുപ്പിനെ കുടുതൽ ജനകീയമാക്കുന്നതിനും വിവിധ മ്യൂസിയങ്ങളെയും സംരക്ഷിത സ്മാരകങ്ങളെയും കുറിച്ച് നവ മാധ്യമങ്ങൾ വഴി പൊതുജനത്തിന് അറിയുന്നതിലേക്കുമായി വകുപ്പ് You tube ചാനൽ ആരംഭിക്കുകയുണ്ടായി. വിവിധ സ്മാരകങ്ങളെ കുറിച്ച് ഹ്രസ്വചിത്രങ്ങൾ തയ്യാറാക്കി അവ You tube ചാനലിൽ ഉൾപ്പെടുത്തി. ധാരാളം സന്ദർശകൾ എത്തുന്ന പത്മനാഭപുരം കൊട്ടാരത്തിനു മാത്രമായി ഒരു വെബ്സൈറ്റ് തയ്യാറാക്കുകയുണ്ടായി. വിദ്യാർത്ഥികളില്ലും പൊതുജനങ്ങളില്ലും പൈതൃകാവബോധം വളർത്തുന്നതിലേക്കും നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായിരുന്ന പുരാവസ്തുക്കളെ കുറിച്ച് മനസ്സിലാക്കുന്നതി ലേക്കുമായി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക കൂട്ടായ്മകൾ എന്നിവയുടെ ഭാഗമായി എക്സിബിഷനുകളും സെമിനാറുകളും വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. മലബാർ മേഖലയുടെ പൈതൃകത്തെ മുൻനിർത്തി 2018 മാർച്ച് 24 മുതൽ 26 വരെ കണ്ണൂരിൽ മലബാർ പൈതൃകോത്സവം സംഘടിപ്പിക്കുകയുണ്ടായി. ടി പരിപാടിയിൽ സെമിനാറുകൾ, എക്സിബിഷനുകൾ സാംസ്കാരിക സദസ്സുകൾ, വിവിധ സാംസ്മാരികകലാ രൂപങ്ങളുടെ അവതരണങ്ങൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. മറുനാടൻ മലയാളികളിൽ പൈതൃകാ വബോധം വളർത്തുന്നതിനായി സാംസ്കാരിക വകുപ്പ് 2016-17 സാമ്പത്തിക വർഷത്തിൽ (2017 ഫെബ്രുവരി 25 മുതൽ 27 വരെ) ഹൈദരാബാദിൽ സംഘടിപ്പിച്ച പൈതൃകോത്സ വത്തിൽ വകുപ്പ് പങ്കെടുക്കുകയും സെമിനാർ, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കു കയുണ്ടായി. 2017-18 സാമ്പത്തിക വർഷത്തിൽ (2017 ഒക്ടോബർ 14 മുതൽ 16 വരെ) ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിക്കപ്പെട്ട ന്യൂഡൽഹി |

| | | | |
|---|---|---|---|
| | | | - കേരളാ സാംസ്കാരിക പൈതൃകോത്സവത്തിൽ വകുപ്പ് പങ്കെടുക്കുകയും സെമിനാർ, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുകയുമുണ്ടായി. തിരുവനന്തപുരം നഗരത്തിലെ തെരഞ്ഞെടുക്ക പ്പെട്ട പൈതൃക സ്മാരകങ്ങളെ കോർത്തിണക്കി 'Trivandrum Heritage Walk' എന്ന പേരിൽ Audio Visual Tour Guide mobile app തയ്യാറാക്കുകയുണ്ടായി. ഇതുപോലെ തന്നെ മലബാർ മേഖലയിലെ തെരഞ്ഞെടുക്കപ്പെട്ട സംരക്ഷിത സ്മാരകങ്ങളെ കോർത്തിണക്കി 'Explore Malabar' എന്ന പേരിലും Audio Visual Tour Guide mobile app തയ്യാറാക്കുകയുണ്ടായി. പുതിയ സാങ്കേതിക വിദ്യകളുടെ കൂടി സഹായത്തോടെ വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനകിയമാക്കുന്നതിൽ ഈ വിധത്തിലുള്ള പ്രവർത്തനങ്ങൾ വകുപ്പ് നടത്തി വരുന്നു. |
| (ബി) | വകുപ്പിന്റെ അധീനതയിലുള്ള മ്യൂസിയങ്ങളുടെ നിലവാരം ഉയർത്തുവാൻ ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (ബി) | പുരാവസ്തുവകുപ്പിനു കിഴിലുള്ള മ്യൂസിയങ്ങളെ ആധുനിക മ്യൂസിയം സങ്കൽപ്പങ്ങൾക്കനുസൃതമായി നവീകരിക്കുന്നതിനും പുത്തൻ സാങ്കേതിക വിദ്യകൾ കൂടി കൂട്ടിയിണക്കി പുതിയ മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം ആധുനിക രീതിയിൽ സജ്ജീകരിച്ച് നാടിനു സമർപ്പിച്ചു. തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം, ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം, ഗാന്ധി സ്മൃതി മ്യൂസിയം എന്നീ പുതിയ മ്യൂസിയങ്ങൾ സജ്ജീകരിക്കുകയും നാടിനു സമർപ്പിക്കുകയും ചെയ്തു. ഇവയെല്ലാം തീമാറ്റിക് ഇന്ററാക്ടീവ് മ്യൂസിയങ്ങളായാണ് സജ്ജീകരിച്ചിരിക്കുന്നത്. ഫോർട്ട് കൊച്ചിയിലുള്ള ബാസ്റ്റ്യൺ ബംഗ്ലാവിൽ സ്ഥാപിക്കുന്ന എറണാകുളം ജില്ലാ പൈതൃക മ്യൂസിയം, പാലക്കാട് മണിഅയ്യർ ഹാളിൽ സ്ഥാപിക്കുന്ന പാലക്കാട് ജില്ലാ പൈതൃക മ്യൂസിയം എന്നീ പുതിയ മ്യൂസിയങ്ങൾ അന്തർദേശീയ നിലവാരത്തിൽ സജ്ജീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മൂസിയം എന്നിവ ആധുനിക രീതിയിൽ സജ്ജീകരിക്കുന്ന പ്രവൃത്തി പൂർത്തിയായി വരുന്നു. സന്ദർശകർക്ക് കൂടുതൽ സംവേദനക്ഷമമാകുന്ന മട്ടിലാണ് പുതിയ മ്യൂസിയങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനു സഹായിക്കുന്ന രീതിയിൽ ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗ പ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽ മ്യൂസിയങ്ങൾ അന്തർദേശിയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനൊപ്പം കൂടുതൽ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള ശുചിമുറികൾ നിർമ്മിക്കു ന്നതിനും |

| | | | |
|---|---|---|---|
| | | | സന്ദർശക സൗഹൃദ പരിസര വികസനപദ്ധതികൾ നടപ്പിലാക്കുന്നതിനും പുരാവസ്തു വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ